"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

നം.തസ്വഭവ-ഇആർഎ2/47/2021-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്
തിരുവനന്തപുരം
തീയതി: 23/04/2021

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ് 19 തീവ്ര വ്യാപനം - തദ്ദേശ സ്വയംഭരണ വകുപ്പിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന: ദുരന്തനിവാരണ(എ) വകുപ്പിന്റെ 21/04/2021ലെ ജി.ഒ(ആർ.റ്റി) നം.378/2021/ഡിഎംഡി നമ്പർ സർക്കാർ ഉത്തരവ്

കോവിഡ് 19 വ്യാപനം തടയുന്നതിനുവേണ്ടിയുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2(6)-ൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധമില്ലാത്ത സർക്കാർ വകുപ്പുകളിലെ 50% ജീവനക്കാർ മാത്രം ഹാജരായാൽ മതിയെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മുൻനിരയിൽ നിന്ന് പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാർ സൂചന ഉത്തരവിലെ ഖണ്ഡിക 2(6) ലെ ഒഴിവാക്കപ്പെട്ട അവശ്യസർവ്വീസിൽ ഉൾപ്പെട്ടതാണെന്ന് വ്യക്തമാക്കുന്നു. കൂടാതെ ഖണ്ഡിക 2(5) ലെ അനുബന്ധം 1-ൽ ഒന്നാം ഖണ്ഡികയിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ ജീവനക്കാരും ഉൾപ്പെടുന്നതാണെന്നും വ്യക്തമാക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിലെ ഗ്രാമവികസന/പഞ്ചായത്ത്/നഗരകാര്യ/എഞ്ചിനീയറിംഗ്/ നഗരാസൂത്രണ വകുപ്പുകളിലെ ജീവനക്കാർ അവശ്യ സർവ്വീസിൽ ഉൾപ്പെടുന്നതാകയാൽ ഈ വകുപ്പുകളിലെ എല്ലാ ജീവനക്കാരും ഓഫീസിൽ കൃത്യമായി ഹാജരാകേണ്ടതാണെന്നും വ്യക്തമാക്കി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

**ആർ.എസ്.കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണം

ചീഫ് ടൗൺ പ്ലാനർ

മേയർ, തിരുവനന്തപുരം/കൊല്ലം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്/കണ്ണൂർ (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ പഞ്ചായത്ത്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ/മുനിസിപ്പാലിറ്റിചെയർ പേഴ്സൺമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ/ഗ്രാമവികസന കമ്മീഷണർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി).

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ